# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KSCB/HO/HR/ [illegible] /2025-26 21.08.2025

Registered with A/D

**കുറ്റാരോപണ മെമ്മോ**

ബാങ്കിന്റെ എറണാകുളത്തുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന **ശ്രീ.അബ്ദുൾ ഹക്ക്.പി.കെ** (ID No.03936) എന്ന താങ്കൾ ബാങ്കിന്റെ മുൻകൂർ അനുമതി വാങ്ങാതെ 11.12.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, കൂടാതെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ മറ്റ് ജീവനക്കാരുമായി സാമ്പത്തിക ഇടപാടിൽ ഏർപ്പെടുകയും തുടർന്ന് വായ്പാ രീതിയിൽ കൈപ്പറ്റിയ പണം തിരികെ നൽകാതെ കബളിപ്പിച്ചതായും, ടി ജീവനക്കാർ പരാതികളും സമർപ്പിച്ചിരിക്കുന്നു.

താങ്കൾക്കെതിരെയുള്ള മേൽ ആരോപണങ്ങൾ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് അച്ചടക്ക സമിതിയുടെ 28.02.2025 തീയതിലെ 15-ാം നമ്പർ തീരുമാനപ്രകാരം താങ്കൾക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാൻ KSCB/HO/HR/1472/2025-26 നമ്പരായി 23.05.2025-ൽ കാരണം കാണിക്കൽ നോട്ടീസ്സ് നൽകിയിരുന്നെങ്കിലും Addressee left present Address not known' എന്ന കുറിപ്പോടെ തപാൽ മടങ്ങിയിട്ടുള്ളതാണ്.

ബാങ്കിലെ മറ്റ് ജീവനക്കാരുമായി സാമ്പത്തിക ഇടപാട് നടത്തുകയും പണം തിരികെ നൽകാതെ കബളിപ്പിക്കുകയും ആയതുമൂലം ബാങ്കിന് അവമതിപ്പ് ഉണ്ടാകുന്ന തരത്തിൽ പ്രവർത്തിക്കുകയും കൂടാതെ സ്ഥാപനത്തിലെ ജീവനക്കാർ തമ്മിലുള്ള മാനസിക അടുപ്പം നഷ്ടപ്പെടുത്തുകയും, ആയത് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ച സാഹചര്യത്തിലും ബാങ്ക് Staff Regulation Clause 7, 8, 9, 12 എന്നിവയുടെ ലംഘനം നടത്തിയിരിക്കുന്നു.

കൂടാതെ അനധികൃതമായും മനപൂർവ്വവും ജോലിയ്ക്ക് ഹാജരാകാതെയിരിക്കുന്നത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 7-ന്റെയും, ലീവ് റൂൾ Clause 44(d) (g) എന്നിവയുടെയും ലംഘനവുമാണ്. താങ്കളുടെ മേൽ പ്രസ്താവിച്ച പ്രവർത്തികൾ സ്റ്റാഫ് റെഗുലേഷൻ Clause 55(1)(a) 55(1)(d), 55(1)(f), 55(1)(g) പ്രകാരം ഗുരുതര അച്ചടക്ക ലംഘനത്തിന്റെ നിർവ്വചനത്തിൽ വരുന്നതുമാണ്.

Clause 7 :- Every employee of the Bank shall conform to and abide by these regulations and shall observe, comply with and obey all orders and directions which may, from time to time, be given to him by any person or persons under whose supervision and control he may, for the time being, be placed.

Clause 8 :- Every employee is bound to serve the Bank faithfully and bound while on duty, to devote his whole time and energy in the faithful discharge of his duties.

Clause 9:- Every employee of the Bank shall use his utmost endeavour to promote the interest of the Bank and shall be respectful and show courtesy and attention to its constituents and persons with whom he has to deal while discharging his duties in all the transactions and the relations of the Bank. Every employee shall be respectful and show courtesy and good manners in his behaviour towards his superiors and his conduct outside the Bank too shall be such as not to bring any discredit to the Bank.

Clause 9:- No employee of the Bank shall borrow money from any person working under him or from any customer of the Bank; nor will he place himself under any pecuniary obligations to any person or institution with whom the bank may have occasion to deal or transact any business. However, this rule shall not apply to any borrowings by an employee from any institution in the normal course of its business.

Clause 44(d) :- Leave will ordinarily be granted on previous written application only.

Clause 44(g) :- No other employee should leave his station on holidays, without obtaining the permission of his immediate officer.

Clause 55(1)(a) :-Dishonesty, fraud, misappropriation or misapplication of the funds of the Bank or, any of its constituents or committing any offense under I.P.C. in relation to the Bank and its constituents.

Clause 55(1)(d) Drunkenness or riotous or disorderly or indecent behaviour.

Clause 55(1)(f) :-Willful insubordination or disobedience of any lawful and reasonable order of a superior or misbehaviour with any employee of the Bank.

Clause 55(1)(g):- Any other act or omission on the part of the employee considered as gross misconduct by the competent authority.

ബാങ്കിലെ ഉത്തരവാദിത്തപ്പെട്ട ജീവനക്കാരൻ എന്ന നിലയിൽ മേൽപ്പറഞ്ഞ താങ്കളുടെ പ്രവർത്തികൾ അത്യധികം ഗൗരവതരമായ ചട്ടലംഘനവും ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. ആയതിനാൽ മുകളിൽ പരാമർശിക്കപ്പെട്ട കുറ്റാരോപണത്തിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ Kerala State Co-operative Bank Staff Regulation, KCS Act & Rule എന്നിവയിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഈ കുറ്റാരോപണ മെമ്മോ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ കുറ്റാരോപണ മെമ്മോയിന്മേൽ താങ്കൾക്ക് എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ചുവടെ കയ്യൊപ്പ് ചാർത്തിയ ശിക്ഷണ അധികാരി മുമ്പാകെ 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട 15 ദിവസത്തിനുള്ളിൽ ഈ കുറ്റാരോപണ മെമ്മോയ്ക്കുള്ള മറുപടി ചുവടെ കയ്യൊപ്പ് ചാർത്തിയ ശിക്ഷണാധികാരി സമക്ഷം ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കുറ്റാരോപണ മെമ്മോയിന്മേൽ യാതൊന്നും ബോധിപ്പിക്കാനോ വിശദീകരിക്കാനോ ഇല്ല എന്ന അനുമാനത്തിൽ താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള അച്ചടക്ക ലംഘനത്തിൻമേൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

ഈ കുറ്റാരോപണ മെമ്മോയോടൊപ്പം താങ്കൾക്കെതിരെ ആരോപിച്ചിരിക്കുന്ന അച്ചടക്ക ലംഘനത്തിന് അടിസ്ഥാനമായ കുറ്റാരോപണ പത്രികയും (അനുബന്ധം-1) ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കൈപ്പറ്റി ഒരു രസീത് ഉടൻ തന്നെ നൽകണമെന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

25/8/25

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(നിയമന അധികാരി)

Sri. Abdul Haque.P.K
Poovan Kandy
Madthupoyil
Kozhikkode-673 574

Kerala State Co.operative Bank
Kerala Bank
Head Office
Thiruvananthapuram

D:\D Drive\LAW Section\CHARGE MEMO ML (F)\Abdul Haque.docx

0/c

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KERALA BANK
Kerala State Co-operative Bank

KSCB/HO/HR/4676/2025-26 21.08.2025

Registered with A/D

**കുറ്റാരോപണ പത്രിക**

**(അനുബന്ധം – 1)**

ബാങ്കിന്റെ എറണാകുളത്തുള്ള പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന **ശ്രീ.അബ്ദുൾ ഹക്ക്.പി.കെ** (ID No.03936) എന്ന താങ്കൾ ബാങ്കിന്റെ മുൻകൂർ അനുമതി വാങ്ങാതെ 11.12.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, കൂടാതെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ മറ്റ് ജീവനക്കാരുമായി സാമ്പത്തിക ഇടപാടിൽ ഏർപ്പെടുകയും തുടർന്ന് വായ്പാ രീതിയിൽ കൈപ്പറ്റിയ പണം തിരികെ നൽകാതെ കബളിപ്പിച്ചതായും, ടി ജീവനക്കാർ പരാതികളും സമർപ്പിച്ചിരിക്കുന്നു. ടി ജീവനക്കാരുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ താഴെ പരാമർശിക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | കടംവാങ്ങിയ തുക | ബാക്കി നൽകുവാനുള്ള തുക |
|---|---|---|---|---|
| 1 | ശ്രീമതി. ഷീജാ വർഗ്ഗീസ് | പാർട്ട് ടൈം സ്വീപ്പർ | 3,00,000/- | 2,44,000/- |
| 2 | ശ്രീമതി. ബീവി.കെ.എ | പാർട്ട് ടൈം സ്വീപ്പർ | 5,30,000/- | 5,30,000/- |
| 3 | ശ്രീ.വിൻസെന്റ്.കെ.പി | ക്ലർക്ക്/ക്യാഷ്യർ | 3,00,000/- | 3,00,000/- |
| 4 | ശ്രീമതി.ലീനോ ജോർജ്ജ് | ഓഫീസ് അറ്റൻഡന്റ് | 6,00,000/- | 2,00,000/- |

1) ബാങ്കിലെ മറ്റ് ജീവനക്കാരുമായി സാമ്പത്തിക ഇടപാട് നടത്തുകയും പണം തിരികെ നൽകാതെ കബളിപ്പിക്കുകയും ആയതുമൂലം ബാങ്കിന് അവമതിപ്പ് ഉണ്ടാകുന്ന തരത്തിൽ പ്രവർത്തിക്കുകയും കൂടാതെ സ്ഥാപനത്തിൽ ജീവനക്കാർ തമ്മിലുള്ള മാനസിക അടുപ്പം നഷ്ടപ്പെടുത്തുകയും, ആയത് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ച സാഹചര്യത്തിലും ബാങ്ക് Staff Regulation Clause 7, 8, 9, 12 എന്നിവയുടെ ലംഘനം നടത്തിയിരിക്കുന്നു.

2) ബാങ്കിന്റെ മുൻകൂർ അനുമതി വാങ്ങാതെ 11.12.2024 മുതൽ നാളിതുവരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ തുടരുന്ന ആയത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ 7, Cluase 44(d) (g) എന്നിവയുടെ ലംഘനമാകുന്നു.

3) താങ്കളുടെ മേൽ പ്രസ്താവിച്ച പ്രവർത്തികൾ സ്റ്റാഫ് റെഗുലേഷനിൽ Clause 55(1)(a) 55(1)(d), 55(1)(f), 55(1)(g) എന്നിവ പ്രകാരം ഗുരുതര അച്ചടക്ക ലംഘനത്തിന്റെ നിർവചനത്തിൽ വരുന്നതുമാകുന്നു.

മേൽ ആരോപിക്കപ്പെട്ട അച്ചടക്ക ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ താങ്കൾക്ക് നൽകപ്പെട്ട കുറ്റാരോപണ മെമ്മോയെ അടിസ്ഥാനമാക്കി താങ്കൾക്കെതിരെ തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 25/8/25
(നിയമന അധികാരി)

Sri. Abdul Haque.P.K
Poovan Kandy
Madthupoyil
Kozhikkode-673 574

Kerala State Co.operative Bank
KERALA BANK
Head Office
Thiruvananthapuram

D:\D Drive\LAW Section\CHARGE MEMO ML (F)\Abdul Haque.docx